ഉത്തരം

(എ) പള്ളിവാസൽ, ചെങ്കുളം,പന്നിയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ നവീകരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) നവീകരണത്തിനുള്ള കരാർ എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിക്കാണ് നൽകിയത്. ഔദ്യോഗിക രഹസ്യ സ്വഭാവമുള്ളതാകയാൽ കരാറിന്റെ കോപ്പി ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(സി) കരാർ പ്രകാരം കമ്മീഷൻ ഇനത്തിൽ വൈദ്യുതി ബോർഡിന് തുക നൽകാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കോൺട്രാക്ട് നൽകുന്നത് കാട്ട് ചെയ്ത തുക, പ്രസ്തുത കോൺട്രാക്ട് നടപ്പാക്കുന്നതിനുള്ള കഴിവ് ഇവയൊക്കെ പരിഗണിച്ചാണ്. ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ ആരോപണ വിധേയമായതുകൊണ്ടുമാത്രം സാധാരണഗതിയിൽ കോൺട്രാക്ട് നിരസിക്കാറില്ല. എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിയെ ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ല. 10.8.95-ൽ ഒപ്പുവച്ച ധാരണാപത്രത്തെ തുടർന്ന് മുൻ സർക്കാരിന്റെ കാലത്ത് 24.2.96-വാണ് ടി എഗ്രിമെന്റ് ഒപ്പിട്ടത്. ഇതിനുശേഷം പ്രസ്തുത കമ്പനിയുമായി ബോർഡ് കരാറിൽ ഒപ്പിട്ടിട്ടില്ല.

(എഫ്)ഉണ്ട്.

(ജി) ടി നവീകരണജോലികൾക്കുള്ള കരാർ പ്രകാരം.

(എച്ച്) ഔദ്യോഗിക രഹസ്യസ്വഭാവമുള്ളതാകയാൽ കരാറിന്റെ കോപ്പി ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ഐ) നിലവിലുള്ള കരാർപ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയ്ക്കും, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണ ജോലികൾക്കും സേവനം ലഭിക്കുന്നുണ്ട്. ഇതിൽ 1999 നവംബർ മാസം വരെയുള്ള ബില്ലുകൾ പ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ സേവനത്തിനുവേണ്ടി 3224/9.09 കനേഡിയൻ ഡോളറും പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണങ്ങൾക്കുള്ള സേവനങ്ങൾക്കുവേണ്ടി 1731366.92 കനേഡിയൻ ഡോളറും നൽകിയിട്ടുണ്ട്.

(ജെ) പ്രസ്തുത കമ്പനിയുടെ ക്ഷണമനുസരിച്ച് ആരും പോയിട്ടില്ല.

55 (221) ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലവൈദ്യുത പദ്ധതികളാണ് അനുമതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയ്ക്ക് അനുമതി ലഭിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) കേന്ദ്രത്തിൽ പെൻഡിംഗ് ആയി കിടക്കുന്ന ജല വൈദ്യുത പദ്ധതികൾക്ക് അനുവാദം ലഭിക്കുവാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് വിളിച്ചുകൂട്ടുന്ന എം.പി.മാരുടെ കോൺഫറൻസ് ചർച്ച ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ഇതുസംബന്ധിച്ച് ചർച്ച ചെയ്തിട്ടുള്ളത്?

ഉത്തരം

(എ)&(ബി)കേന്ദ്രഗവൺമെന്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ച പദ്ധതികളും സമർപ്പിച്ച തീയതിയും ചുവടെ ചേർക്കുന്നു.

(1) കുരിയാർകുട്ടി-കാരപ്പാറ (84 മെഗാവാട്ട് പദ്ധതിയുടെ പുതുക്കിയ അപേക്ഷ 30.7.99-ന് കേന്ദ്രപരിസ്ഥിതി-വനമന്ത്രാലയത്തിന് സമർപ്പിച്ചു. ക്കുന്നു.

(2) ചെങ്കുളം ആഗ്മെന്റേഷൻ (84 മില്യൻ യൂണിറ്റ്) പദ്ധതി 31.10.99 -ന് സമർപ്പിച്ചു.

(3) പൂയംകുട്ടി (240 മെഗാവാട്ട്) പദ്ധതി 1981-ൽ സമർപ്പിച്ചു (കേന്ദ്ര ഗവൺമെന്റ് നിർദ്ദേശപ്രകാരം കൂടുതൽ പഠനങ്ങൾ നടന്നുവരുന്നു.

(4) മാനന്തവാടി (225 മെഗാവാട്ട്) പദ്ധതി 1980-ൽ സമർപ്പിച്ചു.
(5) കേരള ഭവാനി (150 മെഗാവാട്ട് പദ്ധതി 1970-ൽ സമർപ്പിച്ചു.)
(6) പാമ്പാർ (35 മെഗാവാട്ട് 1989-ൽ സമർപ്പിച്ചു)

} അന്തർ സംസ്ഥാന നദീജല വിനിയോഗതർക്കം പരിഹരിച്ച ശേഷം വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്ന അധിക വിവരങ്ങൾ അപ്പപ്പോൾ നൽകിവരുന്നുണ്ട്.

(ഡി)&(ഇ) മേൽപ്പറഞ്ഞ പദ്ധതികളിൽ കുരിയാർകുട്ടി-കാരപ്പാറ പദ്ധതിയ്ക്ക്, പറമ്പിക്കുളം വന്യമൃഗ സംരക്ഷണകേന്ദ്രത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുമതി നിഷേധിക്കുകയുണ്ടായി. ഇക്കാര്യം പുനഃപരിശോധിച്ച് പദ്ധതിയ്ക്ക് അനുമതി നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെഴുതിയിട്ടുണ്ട്. പദ്ധതിയുടെ അനുമതിക്കായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് എം.പി.മാരുടെ കോൺഫറൻസിൽ എം.പി. മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

56 (222) ചെറുകിട ജല വൈദ്യുത പദ്ധതികൾ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly